## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1468

16/03/2015 -ൽ
മറുപടിയ്ക്ക്

### ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി എന്നാണ് രൂപീകരിച്ചത്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടനാരൂപം, പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത് ആരാണ് എന്നിവ വിശദമാക്കാമോ; | (എ) | 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ നിയമം അനുസരിച്ച് 2012 മെയ്മാസം 28-ാം തീയതി മുതൽ മലയോര വികസന ഏജൻസി രജിസ്റ്റർ ചെയ്തു.<br>മലയോര വികസന ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടനാരൂപം എന്നിവ അനുബന്ധം 1 ആയി ചേർക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയുള്ള പദ്ധതികൾ ബഹു:ചെയർമാൻ അംഗീകാരം നൽകി മലയോര വികസന ഏജൻസിയുടെ സെക്രട്ടറി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഭരണാനുമതി നൽകുന്നു. |
| (ബി) | മലയോര വികസനത്തിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഈ ഏജൻസിക്ക് അധികാരമുള്ളതെന്നും ഇതിനുള്ള പണം ഏജൻസിക്ക് എങ്ങനെയാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | **ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടി വെള്ള പദ്ധതി, പഴം പച്ചക്കറി വികസന പദ്ധതി, മലയോര റോഡുകളുടെ പുനരുദ്ധാരണം, സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി, പൊതുകുളങ്ങളുടെ നവീകരണം, കാർഷിക വികസനം, പരിസ്ഥിതി പരിപാലന പദ്ധതികൾ, നബാർഡ് അധിഷ്ഠിത ആർ.ഐ.ഡി.എഫ് പദ്ധതികൾ എന്നീ** |

**വികസന പദ്ധതികൾ സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം നടപ്പിലാക്കാനാണ് മലയോരവികസന ഏജൻസിക്ക് നിലവിൽ അധികാരമുള്ളത്. ഏജൻസിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ചില പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്ര സഹായം ലഭിച്ചിരുന്നു.**

(സി) രൂപീകരിച്ച വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് അനുവദിച്ചതെന്നും ഓരോ വർഷവും ഏതൊക്കെ വികസന പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) മലയോര വികസന ഏജൻസി 2012 ൽ രൂപീകരിച്ചതിനു ശേഷം ഓരോ വർഷവും മലയോര വികസന പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കി വച്ചതുക അനുബന്ധം 2 ആയി ചേർക്കുന്നു.

(ഡി) പത്തനംതിട്ട ജില്ലയിൽ 2014-15 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും നിയോജക മണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ?

(ഡി) **പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ അരുവാപ്പുലം, സീതത്തോട് എന്നീ പഞ്ചായത്തുകൾ മാത്രമെ മലയേര വികസന ഏജൻസിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നുള്ളു.**

**പദ്ധതികളുടെ പേരും അനുവദിച്ച തുകയും ഇപ്പോഴത്തെ അവസ്ഥയും താഴെ കൊടുക്കുന്നു.**

**1. ഞാറയ്ക്കൽപടി - മാണിക്കോടിക്കൽ പടി റോഡ് ( അരുവാപ്പുലംഗ്രാമ പഞ്ചായത്ത് ) - 10.00 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.**

2. ഗുരുനാഥൻ മണ്ണ് - കുന്നം റോഡ് (സീതത്തോട് ഗ്രാമ പഞ്ചായത്ത് ) - 10.00 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

3. സ്വാമിപ്പടി കോട്ടപ്പാറ റോഡ് (സീതത്തോട് ഗ്രാമ പഞ്ചായത്ത് ) - 10.00 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

Bijumon

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**മലയോര വികസന ഏജൻസിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, സി സി പി ആർ എം, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായ ത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതി യിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, നടപ്പാതകളുടെയും നിർമ്മാണം, നീരു റവകളേയും കിണറുകളെയും അടിസ്ഥാനമാക്കിയുള്ള ആവാസ കേന്ദ്രാധിഷ്ഠിതമായ കുടി വെള്ള പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, അരുവികളിലും തോടുകളിലും തടയണ കൾ നിർമ്മിക്കൽ, മണ്ണുസംരക്ഷണ പ്രവർത്തികൾ, പ്രത്യേക കാർഷിക വികസന പദ്ധതികൾ, അതിജീവന സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സ്വയം തൊഴിൽ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

**മലയോര വികസന ഏജൻസിയുടെ ഘടനാരൂപം**

1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരം 28/05/2012-ന് രജിസ്റ്റർ ചെയ്ത സ്വയം ഭരണ സ്ഥാപനമാണ് മലയോര വിക സന ഏജൻസി. ഏജൻസിയുടെ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് എക്സിക്യൂട്ടീവ് കമ്മി റ്റിയും ഗവേണിംഗ് ബോഡിയുമാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ മലയോര വികസന ഏജൻസിയുടെ എക്സിക്യുട്ടീവ് വൈസ് ചെയർമാനും ഗവേണിംഗ് ബോഡിയുടെ ചെയർമാൻ *ആസൂത്രണ സാംസ്കാരിക വകുപ്പു മന്ത്രിയുമാണ്. പ്ലാനിംഗ് വകുപ്പിനാണ് ഈ വകുപ്പിന്റെ മേൽനോട്ട ചുമതല നൽകിയിട്ടുള്ളത്.* എക്സിക്യൂട്ടീവ് കമ്മിറ്റി/ ഗവേണിംഗ് ബോഡിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഏജൻസിയുടെ സെക്രട്ടറിയുടെ നേതൃത്വ ത്തിൽ ഭരണ വിഭാഗം സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു. ജില്ലാതലങ്ങളിൽ പ്രവർത്തനങ്ങളുടെ ഏകോപനം പി എ യു പ്രോജക്ട് ഡയറക്ടർമാർക്കാണ്. ബ്ലോക്ക് പഞ്ചാ യത്ത് സെക്രട്ടറിമാരാണ് ഫീൽഡു തല നിർവ്വഹണ ഉദ്യോഗസ്ഥർ.

1. ***സംഘടനാ സംവിധാനം***

*ബഹുമാനപ്പെട്ട ഗ്രാമ വികസന ആസൂത്രണ സാംസ്കാരിക വകുപ്പു മന്ത്രി ശ്രീ. കെ.സി. ജോസഫ് ഏജൻസിയുടെ ചെയർമാനും, ശ്രീ. എൻ.ഡി. അപ്പച്ചൻ, എക്സ്. എം.എൽ.എ ഏജൻസിയുടെ വൈസ് ചെയർമാനുമാണ്.*

***ഗവേണിംഗ് ബോഡി ഘടന***

1 ഗ്രാമവികസന ആസൂത്രണ മന്ത്രി – ചെയർമാൻ

2 ഗവൺമെന്റ് തെരഞ്ഞെടുത്ത അനൗദ്യോഗിക അംഗം- വൈസ് ചെയർമാൻ

3 -8 ഗ്രാമ / ബ്ലോക്ക് / ജില്ലാപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്മാർ /

സെക്രട്ടറിമാർ

9 – 15 ഏഴ് അനൗദ്യോഗിക അംഗങ്ങൾ (ഒരു അംഗം വനിതയും ഒരു അംഗം പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടതും)

16–22 ഏഴ് ഗവൺമെന്റ് സെക്രട്ടറിമാർ

സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (ആസൂത്രണകാര്യം),

സെക്രട്ടറി (തദ്ദേശസ്വയംഭരണം), സെക്രട്ടറി (എസ്.സി/ എസ്.ടി),

സെക്രട്ടറി (കൃഷി), സെക്രട്ടറി (വനം), സെക്രട്ടറി (ഗ്രാമവികസനം)

23 ഗ്രാമവികസന കമ്മീഷണർ

24 പ്രോജക്ട് ഡയറക്ടർ, അഹാഡ്സ്

25 ജോയിന്റ് ഡയറക്ടർ ( പശ്ചിമഘട്ട വികസന പ്രോജക്ട്)

26 ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ (വികസനം)

27 ചീഫ് (അഗ്രികൾച്ചർ), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

28 സെക്രട്ടറി, ഹാഡ

**എക്സിക്യൂട്ടീവ് കമ്മിറ്റി ഘടന**

1. വൈസ് ചെയർമാൻ – ചെയർമാൻ
2. സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ് സെക്രട്ടറി / പ്രതിനിധി
3. സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി/ പ്രതിനിധി
4. എൽ.എസ്.ജി.ഡി വകുപ്പ് സെക്രട്ടറി/ പ്രതിനിധി
5. ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ (വികസനം)
6. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്
7. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്
8. ജില്ലാ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്

9–13 ഗവൺമെന്റ് തെരഞ്ഞെടുത്ത അഞ്ച് അനൗദ്യോഗിക അംഗങ്ങൾ

14. സെക്രട്ടറി, ഹാഡ – കൺവീനർ

Bijumon

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

(തുക ലക്ഷത്തിൽ)

| പദ്ധതികൾ | കാലയളവ് | | | | |
|---|---|---|---|---|---|
| | 2011–12 | 2012–13 | 2013–14 | 2014–15 | **മൊത്തം** |
| ഹാഡ ശക്തിപ്പെടുത്തൽ | 100 | 30 | 50 | 100 | **280** |
| പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി | – | 1500 | 1000 | 1100 | **3600** |
| ചെറു അരുവികളിൽ ചെക്ക് ഡാം | – | 1000 | 1200 | 2500 | **4700** |
| പഴം പച്ചക്കറി വികസന പദ്ധതി | – | 1100 | 1000 | – | **2100** |
| മലയോര റോഡുകളുടെ വികസനം | – | – | 500 | 700 | **1200** |
| സ്വയം തൊഴിൽ പദ്ധതി (സഹ്യശ്രീ) | – | – | 500 | 500 | **1000** |
| കുളങ്ങൾ നവീകരിക്കൽ | – | – | – | 500 | **500** |
| കൃഷി വികസനം | – | – | – | 1000 | **1000** |
| പരിസ്ഥിതി സംരക്ഷണത്തിലൂടെയുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം | – | – | – | 400 | **400** |
| നബാർഡ് ആർ ഐ ഡി എഫ് പദ്ധതി | – | – | 2500 | 4000 | **6500** |
| നബാർഡ് ആർ ഐ ഡി എഫ് പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം- | – | – | – | 200 | **200** |
| **ആകെ** | 100 | 3630 | 6750 | 11000 | **21480** |

Bijumon

സെക്ഷൻ ഓഫീസർ